പതിനാലാം കേരള നിയമസഭ

പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 3545 08.11.2019-ലെ മറുപടിക്ക്

## വിദ്യാർത്ഥികൾക്ക് കെ.എസ്.ആർ.ടി.സി. കൺസഷൻ

ചോദ്യം

ശ്രീ.എം. നൗഷാദ്

മറുപടി

ശ്രീ. എ.കെ.ശശീന്ദ്രൻ
(ഗതാഗത വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | സ്വാശ്രയ പ്രൊഫഷണൽ കോളേജുകളിലെ വിദ്യാർത്ഥികൾക്ക് കെ.എസ്.ആർ.ടി.സി. കൺസഷൻ നിഷേധിക്കുന്നു എന്ന പരാതി ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ; | (എ) | വിദ്യാർത്ഥി കൺസഷൻ സൗകര്യം ആർക്കും നിഷേധിച്ചിട്ടില്ല. എന്നാൽ തനതു വർഷത്തെ അഫിലിയേഷൻ രേഖകൾ ഹാജരാക്കാത്ത സ്ഥാപനങ്ങളുടേയും ആവശ്യമായ രേഖകൾ ഹാജരാക്കാത്ത അപേക്ഷകളും, 40 കിലോമീറ്ററിൽ കൂടുതൽ ദൂരപരിധി ആവശ്യപ്പെട്ട അപേക്ഷകളും, കെ.എസ്.ആർ.ടി.സി നാമമാത്രമായി ഓടുന്ന സ്ഥലങ്ങളിലേയ്ക്കുള്ള കൺസഷൻ ടിക്കറ്റുകളും പ്രത്യേക അനുമതി നൽകി ചീഫ് ഓഫീസ് തലത്തിൽ തീർപ്പ് കൽപ്പിക്കാറുണ്ട്. |
| (ബി) | എങ്കിൽ ഇത് പരിഹരിക്കാൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചതെന്ന് വ്യക്തമാക്കാമോ; | (ബി) | 2019-20 വർഷത്തിൽ ആവശ്യമായ രേഖകൾ ഹാജരാക്കിയ എല്ലാ വിദ്യാർത്ഥികൾക്കും യൂണിറ്റ് തലത്തിൽ നൽകിവന്നിരുന്ന കൺസഷൻ ടിക്കറ്റ് വിതരണത്തിൽ യാതൊരു മുടക്കവും നാളിതുവരെ വന്നിട്ടില്ലാത്തതാണ്. അർഹരായ എല്ലാ വിദ്യാർത്ഥികൾക്കും കൺസഷൻ ആനുകൂല്യം നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |
| (സി) | വിദ്യാർത്ഥികൾക്ക് കൺസഷൻ നിരക്കിൽ യാത്ര അനുവദിക്കുന്നതിന് എന്തെല്ലാം മാനദണ്ഡങ്ങളാണ് അവലംബിക്കുന്നത് എന്ന് വ്യക്തമാക്കുമോ; | (സി) | പ്ലസ് ടു തലം വരെയുള്ള വിദ്യാർത്ഥികൾക്ക് തികച്ചും സൗജന്യമായാണ് കൺസഷൻ ടിക്കറ്റ് അനുവദിക്കുന്നത്. ഒരു വർഷമെങ്കിലും കാലദൈർഘ്യമുള്ള, സർക്കാർ അംഗീകാരം ലഭിച്ചിട്ടുള്ള, മുഴുവൻ കോഴ്സുകളിലെ വിദ്യാർത്ഥികൾക്കും പഠനത്തിന് സൗജന്യ നിരക്കിൽ കെ.എസ്.ആർ.ടി.സി കൺസഷൻ സൗകര്യം ലഭ്യമാക്കിയിട്ടുണ്ട്. സർക്കാർ അംഗീകൃത സ്ഥാപനങ്ങൾ കൂടാതെ സ്വാശ്രയ കോളേജുകളിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്കും കെ.എസ്.ആർ.ടി.സി നിബന്ധനകൾക്ക് വിധേയമായി കൺസഷൻ ടിക്കറ്റ് അനുവദിക്കുന്നുണ്ട്. ഒരു വർഷക്കാലത്തിൽ കുറയാതെയുള്ള സർക്കാർ അംഗീകാരം നൽകിയിരിക്കുന്ന, |

| | | | |
|---|---|---|---|
| | | | മുഴുവൻ കോഴ്സുകളിലേയും വിദ്യാർത്ഥികൾക്ക് പരമാവധി 40 കിലോമീറ്റർ വരെയുള്ള ദൂരപരിധിയ്ക്കാണ് കൺസഷൻ സൗകര്യം നിലവിൽ നൽകിവരുന്നത്. അതാത് സ്ഥാപനങ്ങൾ തനതുവർഷത്തെ അഫിലിയേഷൻ രേഖകൾ ഹാജരാക്കുന്ന മുറയ്ക്കാണ് ഇത്തരം സ്ഥാപനങ്ങൾക്ക് കൺസഷൻ സൗകര്യം ഏർപ്പെടുത്തുന്നതിനുള്ള അനുമതി നൽകുന്നത്. |
| (ഡി) | സർക്കാർ, എയ്ഡഡ് മേഖലകളിലെ വിദ്യാർത്ഥികൾക്ക് മാത്രമായി കൺസഷൻ നിരക്കിലെ യാത്ര നിജപ്പെടുത്താൻ തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്താമോ? | (ഡി), | കൺസഷൻ പരിമിതപ്പെടുത്താൻ ഉദ്ദേശിക്കുന്നില്ല. |

സെക്ഷൻ ഓഫീസർ